ഫുഡ്സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം
തൈക്കാട്, തിരുവനന്തപുരം .695014
Ph: 0471-2322833, 2322844. Fax: 0471-2322855
Email:foodsafetykerala@gmail.com
Website: www.foodsafety.kerala.gov.in

## പത്രക്കുറിപ്പ്

## കോവിഡ്19 ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിർദ്ദേശങ്ങൾ

**കോവിഡ്19** വ്യാപിക്കുന്ന സാഹചര്യത്തിൽ ഭക്ഷ്യോൽപാദന, വിതരണ, വിപണന സ്ഥാപനങ്ങൾ വ്യക്തി ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇതു സംബന്ധിച്ച് ജീവനക്കാർക്കും ഉപഭോക്താക്കൾക്കും ആവശ്യത്തിന് സോപ്പ്, ഹാൻഡ് സാനിറ്റൈസർ, ടിഷ്യൂ എന്നിവ കട ഉടമകൾ ലഭ്യമാക്കേണ്ടതാണ്. കൂടാതെ ടി സ്ഥാപനങ്ങളിലെ ഭക്ഷണ പദാർത്ഥങ്ങളുമായി സമ്പർക്കം വരുന്ന പ്രതലങ്ങൾ യഥാസമയം അണുവിമുക്തമാക്കേണ്ടതുമാണ്.

ഫ്രൂട്ട്സ്, സാലഡ്സ് തുടങ്ങിയ പാകം ചെയ്യാത്ത ഭക്ഷ്യവസ്തുക്കൾ ശുദ്ധജലം ഉപയോഗിച്ച് കഴുകിയശേഷം മാത്രം ഉപയോഗിക്കേണ്ടതും ഇറച്ചി തുടങ്ങിയ ഭക്ഷ്യവസ്തുക്കൾ ശരിയായ താപനിലയിൽ പാകം ചെയ്ത് ഉപയോഗിക്കേണ്ടതുമാണ്.

**കോവിഡ്-19**-നോടനുബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുന്നതിനും ഭക്ഷ്യസുരക്ഷാ വകുപ്പ് സംസ്ഥാനത്തുടനീളം സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് പരിശോധന ശക്തമാക്കിയിട്ടുണ്ട്.

ടി വിഷയവുമായി ബന്ധപ്പെട്ട പൊതുജനങ്ങളുടെ പരാതികൾക്ക് **1800 425 1125** എന്ന ടോൾ ഫ്രീ നമ്പറിൽ അറിയിക്കാവുന്നതാണ്.

**എ ആർ അജയകുമാർ ഐ.എ.എസ്**
**ഭക്ഷ്യ സുരക്ഷാ കമ്മീഷണർ**

**17.03.2020**